**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 187** **27-01-2026 - ൽ മറുപടിയ്ക്ക്**

**കുളത്തൂപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുളത്തൂപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കാമോ; | (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവ് പരിശോധിച്ച് വരുന്നു. |
| (ബി) | ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിലവാരത്തിലേക്ക് കുളത്തൂപ്പുഴ ആരോഗ്യ കേന്ദ്രത്തെ ഉയർത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ; ആയതിനുള്ള സാധ്യതകൾ ആരായുമോ; വിശദമാക്കാമോ; | (ബി) | അട്ടപ്പാടിയിൽ 25 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെയും, കുളത്തൂപ്പുഴ ആരോഗ്യ കേന്ദ്രത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ താരതമ്യം ചെയ്തിട്ടുണ്ട്. കുളത്തൂപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തെ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതും മാനവവിഭവശേഷി വർദ്ധിപ്പിക്കേണ്ടതുമുണ്ട്. |
| (സി) | പ്രസ്തുത ആരോഗ്യ കേന്ദ്രത്തെ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആയി ഉയർത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |
| (ഡി) | അട്ടപ്പാടിയിൽ 25 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്ന ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെയും, കുളത്തൂപ്പുഴ ആരോഗ്യ കേന്ദ്രത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ താരതമ്യം ചെയ്തിട്ടുണ്ടോ; ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയ്ക്ക് വേണ്ടുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ഡി) | ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |
| (ഇ) | അട്ടപ്പാടി ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിലവാരത്തിലേക്ക് കുളത്തൂപ്പുഴ ആരോഗ്യ കേന്ദ്രത്തെ ഉയർത്തുന്നതിന് അധികമായി വേണ്ടി വരുന്ന ഘടകങ്ങൾ, സൗകര്യങ്ങൾ എന്നിവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | ഉത്തരം (ബി) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ